# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 53 | 05.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി.യും ഇ-വേ ബിൽ സംവിധാനവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. യു.ആർ. പ്രദീപ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലായിരുന്ന കാലയളവിൽ നികുതി ഉൾപ്പെടുത്തി നിശ്ചയിച്ചിരുന്ന പരമാവധി ചില്ലറ വിൽപന വില ജി.എസ്.ടി. പ്രാബല്യത്തിലായതിന് ശേഷം ഉണ്ടായ നികുതി നിരക്കിലെ കുറവിനനുസൃതമായി നിർമ്മാതാക്കൾ കുറച്ച് നിശ്ചയിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിരുന്നോ; ഇവയിൽ കുറവ് വരുത്താത്ത കേസ്സുകളിൽ ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ആദ്യപടിയായി 2017 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം സംസ്ഥാനചരക്കു സേവനനികുതി വകുപ്പ് സർവ്വേ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെയും മറ്റു ചരക്കുകളുടെയും വിലനിലവാരത്തിൽ ജി.എസ്.ടി-ക്കു മുമ്പും ജി.എസ്.ടി വന്നതിനുശേഷവും ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. കേന്ദ്ര ആന്റീപ്രോഫിറ്റീയറിംഗ് അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് ബില്ലുകളുൾപ്പെടെയുള്ള വിശദമായ തെളിവുകൾ കേന്ദ്ര ആന്റീപ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പരിശോധനയുടെ രണ്ടാം ഘട്ടമായി, |

| | | | |
|---|---|---|---|
| | | | 23-ാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം 15.11.2017 മുതൽ പ്രാബല്യത്തിൽ വരുത്തിയ നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധിക്കുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും ചില്ലറവ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് നിശ്ചിത സമയ പരിധിക്കുള്ളിൽ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ; | (ബി) | ജി.എസ്.ടി റിട്ടേൺ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ ഇതുവരെയും പൂർത്തിയായിട്ടില്ല. ആയതിനാൽ റിട്ടേണുകളുടെ സംക്ഷിപ്ത രൂപമായ ജി.എസ്.ടി.ആർ. 3 B ആണ് നിലവിൽ ഫയൽ ചെയ്യുന്നത്. കൂടാതെ വിൽപ്പനയുടെ (ഔട്ട് വേർഡ് സപ്ലൈ) വിശദാംശങ്ങൾ ഉൾപ്പെടുത്തി ജി.എസ്.ടി.ആർ 1 റിട്ടേൺ മാത്രമേ ഇപ്പോൾ ഫയൽ ചെയ്യുന്നുള്ളൂ. ജി.എസ്.ടി നെറ്റ് വർക്കിലെ സാങ്കേതിക തകരാറുകൾമൂലം റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി പല മാസങ്ങളിലും നീട്ടി നൽകിയിട്ടുണ്ട്. റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുകയാണെങ്കിൽ ലേറ്റ് ഫീ ഈടാക്കുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും സാങ്കേതികപ്രശ്നം മൂലമായതിനാൽ അങ്ങനെ ഈടാക്കുന്ന ലേറ്റ് ഫീ ജി.എസ്.ടി കൗൺസിലിന്റെ നിർദ്ദേശപ്രകാരം ആദ്യ മാസങ്ങളിൽ തിരികെ നൽകുകയും തുടർന്ന് ലേറ്റ് ഫീ 50/- രൂപയിൽ നിന്നും 25/- രൂപയാക്കി കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ വിവരിച്ച സാങ്കേതിക പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്നുണ്ടെങ്കിലും റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഇ-വേ ബിൽ പ്രാവർത്തികമാക്കിയത് സംബന്ധിച്ച് അവലോകനം നടത്തിയിരുന്നോ; സംവിധാനം എത്ര മാത്രം ഫലപ്രദമാണെന്ന് അറിയിക്കാമോ; ഇ-വേ ബിൽ പരിശോധനയ്ക്കും നികുതി നിർണ്ണയ പരിശോധനക്കും ആവശ്യത്തിന് ജീവനക്കാരും പര്യാപ്തമായ ഡാറ്റയും ലഭ്യമാണോ എന്ന് വെളിപ്പെടുത്തുമോ ? | (സി) | അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 15 മുതലുമാണ് ഇ-വേ ബിൽ നിർബന്ധമാക്കിയത്. ആയതിനാൽ ഇ-വേ ബിൽ സംവിധാനത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ സമയമായിട്ടില്ല. ഇ-വേ ബിൽ പരിശോധിക്കുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ ഓൺലൈനായി പരിശോധിക്കുന്നതിന് ആവശ്യമായ സാങ്കേതിക സംവിധാനങ്ങളും ഇന്റലിജൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെത്തുടർന്ന് അവിടെ ജോലിചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബില്ലിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണെങ്കിലും റിട്ടേണുകൾ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യപ്പെടാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണമായി സംസ്ഥാനത്തിന് ലഭ്യമാകാത്തതിനാലും ഇവ തമ്മിലുള്ള സൂക്ഷ്മപരിശോധന നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

**സെക്ഷൻ ഓഫീസർ**